# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

## ഗവ: എൽ.പി.സ്കൂൾ
## സൗത്ത് കത്തിപ്പാറ

( അടിമാലി ഉപജില്ല )

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. വിദ്യാലയത്തിന്റെ പേര് | : | ഗവ: എൽ.പി. സ്കൂൾ<br>കത്തിപ്പാറ<br>കത്തിപ്പാറ. പി.ഒ<br>ഇടുക്കി - 685562 |
| ഫോൺ | : | 04864274232 |
| 2. സ്കൂൾ കോഡ് | : | 29412 (ജി.എൽ.പി.എസ്.) |
| 3. വിദ്യാഭാസ ഉപജില്ല | : | അടിമാലി |
| 4. വിദ്യാഭ്യാസ ജില്ല | : | ഇടുക്കി |
| 5. റവന്യൂ ജില്ല | : | ഇടുക്കി |
| 6. ബി.ആർ.സി. | : | അടിമാലി |
| 7. സി.ആർ.സി. | : | വെള്ളത്തൂവൽ |
| 8. ഗ്രാമപഞ്ചായത്ത് | : | വെള്ളത്തൂവൽ |
| 9. ബ്ലോക്ക് പഞ്ചായത്ത് | : | അടിമാലി |
| 10. ജില്ല പഞ്ചായത്ത് | : | ഇടുക്കി |
| 11. നിയമസഭാമണ്ഡലം | : | ദേവികുളം |
| 12. ലോകസഭാമണ്ഡലം | : | ഇടുക്കി |
| 13. താലൂക്ക് | : | ദേവികുളം |
| 14. വില്ലേജ് | : | വെള്ളത്തൂവൽ |

ആമുഖം

വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിലെ 15-ാം വാർഡിലാണ് ഗവ. എൽ.പി. സ്കൂൾ കത്തിപ്പാറ സ്ഥിതി ചെയ്യുന്നത്. 1973-ൽ ആണ് ഈ സ്കൂൾ സ്ഥാപിതമായത്. പെരിയാർ ടൈഗർ റിസർവ്വ് (കൈതച്ചാൽ) വനത്തോട് ചേർന്ന് കിടക്കുന്ന സൗത്ത് കത്തിപ്പാറയിൽ 1950 കളിലാണ് ജനവാസം തുടങ്ങിയത്. അന്നുവരെ 1000 ഏക്കർ ജനത യു.പി.എസ്.ലും കല്ലാർക്കുട്ടി ഹൈസ്ക്കൂളിലുമാണ് കുട്ടികൾ പോയി പഠിച്ചിരുന്നത്. ജനസാന്ദ്രത കുറഞ്ഞതും സാമ്പത്തികമായും വിദ്യ്യാസപരമായും ഏറെ പിന്നിലാണ് ഈ പ്രദേശം. നാട്ടുകാരുടെ ഏറെ നാളത്തെ പ്രയത്നമാണ് 1973-ൽ സഫലമായത്.

## ലക്ഷ്യങ്ങൾ

1. മതനിരപേക്ഷത ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
2. അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല ലക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
3. പ്രീ-പ്രൈമറി മുതൽ 4-ാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.
4. അദ്ധ്യാപനവും അദ്ധ്യായനവും സർഗാത്മകവും. രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## വിദ്യാലയത്തിന്റെ ലഘുചരിത്രം

1973-ലാണ് സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. 1997-2003 കാലത്തെ ഉജജ്ജ യും അതിനു ശേഷം സർവ്വശിക്ഷാഭിയാനുമാണ് ഈ സ്കൂളിന്റെ മുഖച്ഛായ മാറ്റിയെടുത്തത്. 2016 മാർച്ചിൽ പ്രീ-പ്രൈമറി ആരംഭിച്ചു. പ്രീ-പ്രൈമറി മുതൽ 4-ാം ക്ലാസ്സുവരെ 21 കുട്ടികളാണ് ഉള്ളത്.

രാഷ്ട്രീയ സാമൂഹിക കലാ-കായിക സാംസ്കാരിക രംഗങ്ങളിൽ സാന്നിദ്ധ്യമറിയിച്ച നിരവധി പേർ ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികളാണ്. പൊതു പരീക്ഷയിലും സമാന സർക്കാർ വിദ്യാ

## ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘു ചരിത്രം
4. വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്
5. പദ്ധതി രൂപീകണ പ്രക്രിയ- വിവിധ ഘട്ടങ്ങൾ
6. നിലവിലെ അവസ്ഥ വിശകലനം
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
8. പദ്ധതി വിശദാംശങ്ങൾ
   (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)
9. പ്രതീക്ഷിത നേട്ടങ്ങൾ
10. മോണിട്ടറിംഗ്
11. ഉപസംഹാരം

## ഭൗതീകം – പരിമിതികൾ

സ്റ്റാഫ് റൂം, ലൈബ്രറി എന്നിവയ്ക്ക് മതിയായ സൗകര്യങ്ങളുള്ള കെട്ടിടങ്ങൾ ഇല്ല. ശൗചാലയം ആധുനിക രീതിയിലുള്ളതല്ല. ചുറ്റുമതിൽ പൂർണ്ണമായും ഇല്ല. കവാടമില്ല, ഓഡിറ്റോറിയം നിലവിലില്ല, വാഹനം ആവശ്യമുണ്ട്. ഭോജനശാല ആവശ്യമുണ്ട്. ഓപ്പൺ എയർ സ്റ്റേജ് ആവശ്യമാണ്. ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവ വൈവിധ്യ പാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്. വിശാലമായ രീതിയിൽ കളിസ്ഥലത്തെ പുനർനിർമ്മിക്കേണ്ടതുണ്ട്. അതോടൊപ്പം തന്നെ കലാ-കായിക മത്സരങ്ങളിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിക്കുകയും മികച്ച നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തു.

വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്. സ്കൂൾ ഗ്രന്ഥശാല നവീകരിക്കണം, ലബോറട്ടറികൾ ആധുനികവൽക്കരിക്കണം. കലാ-കായിക പരിശീലനത്തിന് അദ്ധ്യാപകരുടെ പൂർണസേവനം ലഭ്യമാകുന്നില്ല.

ലയങ്ങളെ അപേക്ഷിച്ച് വിജയശതമാനത്തിൽ ജി.എൽ.പി. സ്കൂൾ വളരെയധികം മുൻപന്തിയിലാണ്.

## വിദ്യാലയം മികവിന്റെ കേന്ദ്രം

- പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
- ശുചിത്വം, ദിനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
- ഓരോ കുട്ടികൾക്കും അവരവരുടെ പ്രായത്തിനനുസരിച്ച് ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കാൻ.

## പദ്ധതി രൂപീകരണ പ്രക്രിയ – വിവിധ ഘട്ടങ്ങൾ

- എസ്.ആർ.ജി. യോഗത്തിൽ ജി.എൽ.പി.സ്കൂൾ വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും
- വികസനാവശ്യങ്ങൾ ക്ലാസ്സ് / വിഷയം അടിസ്ഥാനത്തിൽ ഭൗതീകം-അക്കാദമികം-സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
- കരട് രൂപരേഖ ടഞഏ, ടങഇ, ജഠഅ, ങജഠഅ രാഷ്ട്രീയ സംഘടന പ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.
- ശിൽപശാലയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.
- പി.ടി.എ. നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ.

## നിലവിലെ അവസ്ഥ വിശകലനം

### ❖ ഭൗതീകം- നേട്ടങ്ങൾ

ഒരു കമ്പ്യൂട്ടർ റൂമും സ്റ്റേജ് ഉൾപ്പെടെ 4 ക്ലാസ്സ് റൂമും ഓഫീസ് റൂമുമാണ് സ്കൂളിനുള്ളത്. പ്രസ്തുത മന്ദിരത്തിലെ 1 ക്ലാസ്സ് മുറിയിൽ ഹൈടെക് സംവിധാനം ക്രമീകരിച്ചിട്ടുണ്ട് (ടൈൽവർക്ക്, ഇലക്ട്രിഫിക്കേഷൻ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്).

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ- ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതീകം | സാമൂഹികം |
| --- | --- | --- |
| • ഭാഷാശേഷി വികസനം<br>• ഗണിതശേഷി വികസനം<br>• ഇംഗ്ലീഷ് പഠനപരിപോഷണം<br>• ജൈവ വൈവിധ്യ പാർക്ക്<br>• പഠനയാത്രകൾ<br>• കലാ- കായികമേള<br>• ഐ.ടി. പരിശീലനം<br>• അദ്ധ്യാപിക ശാക്തീകരണം പരിപാടി<br>• ക്ലാസ്സ് ജഠഅ സജീവമാക്കൽ<br>• പ്രവൃത്തി പരിചയ പഠനം<br>• ടഞഏ ശാക്തീകരണം<br>• പച്ചക്കറിത്തോട്ടം<br>• പോഷകാഹാര പരിപാടി<br>• ടേം മൂല്യനിർണയം നിരന്തരവിലയിരുത്തൽ | • ചുറ്റുമതിൽ, ഗേറ്റ്<br>• സ്റ്റാഫ് മുറി<br>• അടുക്കള<br>• കുടിവെള്ള വിതരണം<br>• മാലിന്യ സംസ്ക്കരണം<br>• ടോയിലറ്റ് | • ജഠഅ ശക്തിപ്പെടുത്തൽ<br>• ടങഇ<br>• വിദ്യാലയവികസന സമിതി<br>• പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം |

## പദ്ധതി വിശദാംശങ്ങൾ

പ്രവർത്തനം - 1

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അദ്ധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ. ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ. | ആഴ്ചയിൽ 3 ദിവസം | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം - 2

പ്രവർത്തനത്തിന്റെ പേര് : ഹലോ ഇംഗ്ലീഷ്

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | ആഴ്ചയിൽ 3 ദിവസം ഓരോ പിരീഡും പ്രവർത്തനങ്ങൾ ഹലോ ഇംഗ്ലീഷിന്റെ ഭാഗമായി നടത്തുന്നു. | ആഴ്ചയിൽ 3 ദിവസം | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം - 3

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് കോർണർ

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ, ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം - 4

പ്രവർത്തനത്തിന്റെ പേര് : വായനാമൂല

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനാനശീലം വളർത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ നൽകുകയും വായനാക്കുറിപ്പ് തയ്യാറാക്കുകയും ചെയ്യുക | പ്രതിദിനം | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം - 5

പ്രവർത്തനത്തിന്റെ പേര് : രചനാശില്പശാല

ഉപമേഖല : മാതൃഭാഷയിലെ വിവിധശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, വായനാ സാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ്/കവിയരങ്ങ് രചനാ ശില്പശാല എന്നിവ ക്ലാസ്സ് റൂമിൽ സംഘടിപ്പിക്കൽ, ക്ലാസ്സ് മുറിയിലെ പഠന സാമഗ്രിയായി മേൽപറഞ്ഞ ഉൽപന്നങ്ങളെ ഉപയോഗിക്കൽ | രണ്ട് മാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യവേദി | |

പ്രവർത്തനം - 6

പ്രവർത്തനത്തിന്റെ പേര് : ഒറിഗാമി, ശില്പശാല

ഉപമേഖല : അക്കാദമികം/ഗണിതശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുക. | വർഷത്തിൽ ഒരു പ്രാവശ്യം | ടീച്ചർ | |

പ്രവർത്തനം - 9

പ്രവർത്തനത്തിന്റെ പേര് : മേളകൾ

ഉപമേഖല : അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | |

പ്രവർത്തനം - 10

പ്രവർത്തനത്തിന്റെ പേര് : കലാ പ്രതിഭകൾക്ക് സമ്മാനങ്ങൾ

ഉപമേഖല : കലാ- കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമ്മാനങ്ങൾ നൽകി ആദരിക്കൽ | സ്കൂൾതലം, ഉപജില്ലാതലം, വിജയിക്കൾക്ക് മൊമെന്റോയും ട്രോഫിയും , സർട്ടിഫിക്കറ്റും നൽകൽ | ഓരോ തലത്തിന്റെയും മത്സരങ്ങൾക്ക് ശേഷം | എച്ച്. എം | |

പ്രവർത്തനം - 7

പ്രവർത്തനത്തിന്റെ പേര് : ഗണിത പാർക്ക്

ഉപമേഖല : അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം മധുരതരമാക്കൽ | ജ്യാമതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി ക്ലാസ്സ്മുറി ചുമരുകൾ സജ്ജമാക്കൽ | ആഴ്ചയിൽ 1 | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം - 8

പ്രവർത്തനത്തിന്റെ പേര് : ബുള്ളറ്റിൻ ബോർഡ്

ഉപമേഖല : പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ദിനം പ്രതി വിവരങ്ങളുടെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തേയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | അദ്ധ്യാപകർ | |

പ്രവർത്തനം - 11

പ്രവർത്തനത്തിന്റെ പേര് : പഠനയാത്രകൾ

ഉപമേഖല : അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യ വസ്തുതകൾ ഗ്രഹിക്കുന്നതിന് | സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് പഠനയാത്രകൾ നടത്തുന്നു | മാസത്തിൽ 1 വീതം | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം - 12

പ്രവർത്തനത്തിന്റെ പേര് : ജൈവ വൈവിധ്യപാർക്ക്

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം - 13

പ്രവർത്തനത്തിന്റെ പേര് : ക്ലാസ്സ് പി.ടി.എ

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ്സ് പി.ടി.എ. കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ, പഠനപുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതുചർച്ച | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം - 14

പ്രവർത്തനത്തിന്റെ പേര് : പോഷകാഹാര പരിപാടി

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ക്ലാസ്സ് ടീച്ചർ | പി.ടി.എ. 2000 |

പ്രവർത്തനം - 15

പ്രവർത്തനത്തിന്റെ പേര് : പച്ചക്കറിത്തോട്ടം

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യ പ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ച ക്കറിത്തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ടഞഏ<br>ടടഏ | പി.ടി.എ. 1000/- |

പ്രവർത്തനം - 16

പ്രവർത്തനത്തിന്റെ പേര് : പ്രീ- പ്രൈമറി

ഉപമേഖല : ഭൗതീകം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രീ- പ്രൈമിറ വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കൽ | ആകർഷകമായ വിധത്തിൽ പ്രീ- പ്രൈമിറ മന്ദിര സമുച്ചയം നിർമ്മി ക്കൽ | 2 വർഷം | പി.ടി.എ | പി.ടി.എ |

പ്രവർത്തനം - 17

പ്രവർത്തനത്തിന്റെ പേര് : ചുറ്റുമതിൽ

ഉപമേഖല : ഭൗതീകം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുരക്ഷിതമായി സ്കൂൾ കാമ്പസിനെ സംരക്ഷിക്കൽ | ചുറ്റുമതിൽ ഇല്ലാത്ത ഇടങ്ങളിൽ നിർമ്മിക്കുക. മുൻവശത്തെ ചുറ്റുമതിൽ ആകർഷകമാക്കുക. | 1 വർഷം | പി.ടി.എ | 5 ലക്ഷം ജില്ലാ പഞ്ചായത്ത് |

പ്രവർത്തനം - 18

പ്രവർത്തനത്തിന്റെ പേര് : കവാടം പഠിപ്പുര

ഉപമേഖല : ഭൗതീകം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ ആകർഷകമാക്കൽ, സുരക്ഷിതത്വം | ആകർഷകമായ വിധത്തിൽ സ്കൂളിന്റെ കവാടം, പഠിപ്പുര എന്നിവ സജ്ജമാക്കൽ | 1 വർഷം | പി.ടി.എ | |

പ്രവർത്തനം - 21

പ്രവർത്തനത്തിന്റെ പേര് : പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ

ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളിലായി പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ. അവരുടെ മുന്നിൽ വിദ്യാലത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ/ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ 2 പ്രാവശ്യം | പി.ടി.എ | |

പ്രവർത്തനം - 22

പ്രവർത്തനത്തിന്റെ പേര് : പ്രാദേശീക പി.ടി.എ. യോഗങ്ങൾ

ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ | വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയത്ത് പി.ടി. എ. യോഗങ്ങൾ ചേരൽ | വർഷത്തിൽ 1 പ്രാവശ്യം | പി.ടി.എ | |

പ്രവർത്തനം - 19

പ്രവർത്തനത്തിന്റെ പേര് : കുടിവെള്ള വിതരണം

ഉപമേഖല : ഭൗതീകം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുദ്ധജലം യഥേഷ്ടം ലഭ്യമാക്കൽ | ശുദ്ധജലവിതരണ ശൃംഘല യിലെ ജലം എല്ലാ ടാങ്കിലും എത്തിക്കൽ. ടാങ്കിൽ നിന്നും ടോയ്ലറ്റ്, വാഷ് ടബ്ബ് എന്നിവിടങ്ങളിലേക്ക് പൈപ്പ് വഴി എത്തിക്കൽ | 6 മാസം | പി.ടി.എ | |

പ്രവർത്തനം - 20

പ്രവർത്തനത്തിന്റെ പേര് : മാലിന്യസംസ്ക്കരണം

ഉപമേഖല : ഭൗതീകം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവമാലിന്യങ്ങളും അജൈവ മാലിന്യങ്ങളും സംസ്ക്കരിക്കുന്നതിനുള്ളക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | 1 വർഷം | എസ്.എസ്.ജി | |

പ്രവർത്തനം - 23

പ്രവർത്തനത്തിന്റെ പേര് : സ്കൂൾ കലണ്ടർ

ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ മികവുകൾ സമൂഹവുമായി പങ്കുവയ്ക്കൽ | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക് പ്രവർത്തനങ്ങളും സാധാരണ ദിവസ കലണ്ടറും ചേർത്ത് അച്ചടിച്ച് രക്ഷതാക്കൾക്കും പൊതുസമൂഹത്തിനും നൽകൽ | വർഷത്തിൽ 1 പ്രാവശ്യം | പി.ടി.എ | |

## പ്രതീക്ഷിത നേട്ടങ്ങൾ

(കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ)

- ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.

## മോണിട്ടറിംഗ്

- ❖ ഉദ്യോഗസ്ഥ തലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾതലം മുതൽ ശക്തമാക്കുന്നു.
- ❖ സോഷ്യൽ മോണിട്ടറിംഗ് രീതി (ജഠഅ,ങജഠഅ,ടങഎ,ടടഏ എന്നിവരെ ഉൾപ്പെടുത്തി) നടപ്പിലാക്കണം.
- ❖ ദൈനംദിന മോണിട്ടറിംഗ് ഒ.ങ., ടങഎ കൺവീനർ, ജഠഅ പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്താം.

## ഉപസംഹാരം

നവലിബറൽ സാമ്പത്തിക നയങ്ങൾ പൊതുയിടങ്ങളെ അപ്രസക്തമാക്കുന്ന വാർത്തകളാണ് അനുദിനം ലോകത്തും നമ്മുടെ രാജ്യത്തും ഉണ്ടായികൊണ്ടിരിക്കുന്നത്. മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവത്ക്കരണം ഇപ്പോൾ തന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രമവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നനതിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാക്കുക എന്നുള്ളത്. നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകവും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.